1/1/23


# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in


ഹർജി നമ്പർ **AP. 2194*(2)/2020*/എസ്.ഐ.സി.**

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **13696**/എസ്.ഐ.സി-ജി 6/20)

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**ശ്രീ.വി.ആർ.രമേഷ് ചന്ദ്ര ബാബു,**
**ഗംഗോത്രി, കൊപ്പം,**
**വിതുര പി.ഒ., തിരുവനന്തപുരം**
**പിൻ - 695 551.** } **അപ്പീൽ ഹർജിക്കാരൻ**

**Vs**

1. **സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ&**
   **അസിസ്റ്റന്റ് എഞ്ചിനീയർ,**
   **അസി.എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം,**
   **വാട്ടർ സപ്ലൈ സബ് ഡിവിഷൻ,**
   **കേരള വാട്ടർ അതോറിറ്റി, അരുവിക്കര.**

2. **അപ്പീൽ അധികാരി&**
   **എക്സിക്യൂട്ടീവ് എഞ്ചിനീയർ,**
   **എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം,**
   **ഹെഡ്‌വർക്സ് ഡിവിഷൻ, അരുവിക്കര.**

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 02.08.2020 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 08.09.2020 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 26.09.2020 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 20.09.2021 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 15.11. 2020 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 27.11. 2020 |
| ഹിയറിംഗ് നടന്ന തീയതി | 06.08.2021, ഓഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ.&എ.എ. | ഹാജരായിരുന്നില്ല.<br>ഹാജരായിരുന്നു. |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് എസ്.പി.ഐ.ഒ. മന:പ്പൂർവ്വം തെറ്റായ മറുപടിയാണ് ലഭ്യമാക്കിയതെന്നാണ്.

2. അപ്പീൽ ഹർജിക്കാരൻ 02.08.2020ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, ടിയാൻ ടി ഓഫീസിനു കീഴിൽ താല്ക്കാലിക വർക്കറായി (എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്) മുഖേന **08.11.2018FN to 05.05.2019AN** സേവനമനുഷ്ഠിച്ചിരുന്നയാളും ലീവ് സറണ്ടർ ആനുകൂല്യത്തിനായി അപേക്ഷ നൽകിയിരുന്നയാളും ടി തുക നാളിതുവരെ ലഭിക്കാത്തതുമാണെന്നും ടി വിഷയവുമായി ബന്ധപ്പെട്ട് ചില വിവരങ്ങളാണ് ഹർജിക്കാരൻ ആവശ്യപ്പെട്ടത്. ആയതിന് 08.09.2020ന് മറുപടി നൽകിയതായി കാണുന്നു.

3. ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് 20.09.2021ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരൻ സമർപ്പിച്ച അപ്പീൽ ഹർജി അനന്തര നടപടികൾക്കായി സൂപ്രണ്ടിംഗ് എഞ്ചിനീയർ, പി.എച്ച്.സർക്കിൾ, കേരള വാട്ടർ അതോറിറ്റി, തിരുവനന്തപുരം ഓഫീസിലേയ്ക്ക് അയയ്ക്കുന്നുവെന്നാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ കേട്ടതിലും ഹർജിക്കാരന് മറുപടി നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജിക്കാരന് തെറ്റായ മറുപടിയാണ് ലഭ്യമായതെന്നാണ് കമ്മീഷൻ മുമ്പാകെ ഉന്നയിച്ചിരിക്കുന്ന ആക്ഷേപം. മൊഴിയും അനുബന്ധരേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ അപേക്ഷയിലെ 2-ാമത്തെ ചോദ്യത്തിൽ ആവശ്യപ്പെട്ടിരിക്കുന്നത് കാരണം വ്യക്തമാക്കണമെന്നാണ്. ആയത് വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നതല്ലെന്നു കമ്മീഷൻ നിരീക്ഷിക്കുന്നു. എന്നാൽ ഹർജിക്കാരന്റെ അപ്പീലിനെ സംബന്ധിച്ച് വ്യക്തമായ റിപ്പോർട്ട് ഒരാഴ്ചയ്ക്കുള്ളിൽ സമർപ്പിക്കണമെന്നു കമ്മീഷൻ രണ്ടാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകുന്നു.

മേൽ നിർദ്ദേശപ്രകാരം 19.12.2022ൽ രണ്ടാം എതിർകക്ഷി കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിൽ രേഖപ്പെടുത്തിയിരിക്കുന്നത്, ശ്രീ.രമേശ് ചന്ദ്രബാബു എന്ന വ്യക്തി താല്ക്കാലിക വർക്കറായി അരുവിക്കര സബ് ഡിവിഷന് കീഴിൽ 08.11.2018 മുതൽ 05.05.2019വരെ ജോലി ചെയ്തിരുന്നുവെന്നും ടിയാൻ ഉൾപ്പെട്ടിട്ടുള്ള 17 പേരുടെ ഫണ്ട് റിക്വസ്റ്റ് 2018 ജൂൺ മാസത്തിൽ തന്നെ അയച്ചിട്ടുണ്ടെന്നും എന്നാൽ ഫണ്ട് അനുവദിക്കപ്പെടാത്തതുകൊണ്ട് ടി തുക കൈമാറാൻ സാധിച്ചിട്ടില്ലായിരുന്നുവെന്നാണ്. ടിയാൻ ലീവ് സറണ്ടർ ലഭിക്കുന്നതിനായി വിവിധ വിവരാവകാശ അപേക്ഷകൾ സബ് ഡിവിഷൻ ഓഫീസിൽ സമർപ്പിക്കുകയുണ്ടായിട്ടുണ്ടെന്നും ഫണ്ട് ലഭിക്കാത്തതുകൊണ്ടാണ് തുക കൈമാറാൻ സാധിക്കാത്തതെന്നും അല്ലാതെ ഡി.ഡി.ഒ/ഓഫീസ് മേലധികാരിയുടെ ഭാഗത്ത് നിന്നുണ്ടായ വീഴ്ചയല്ലെന്നും വിശദീകരണം ടി ഓഫീസിൽ നൽകിയിട്ടുണ്ടായിരുന്നുവെന്നും അപേക്ഷകൻ ആവശ്യപ്പെട്ടിട്ടുള്ള രേഖകൾ എല്ലാം തന്നെ അരുവിക്കര ഓഫീസിൽ നിന്നും നൽകിയിട്ടുണ്ടെന്ന് ബന്ധപ്പെട്ട അധികാരി അറിയിച്ചിട്ടുണ്ടെന്നുമാണ്.

കൂടാതെ ടിയാന് ലീവ് സറണ്ടർ നൽകാനായി ടി ഓഫീസിൽ നിന്നും നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ലീവ് സറണ്ടർ തുകയായ 10,700/- രൂപ(പതിനായിരിത്തി എഴുനൂറ് രൂപ) ടിയാന്റെ എസ്.ബി.ഐ. അക്കൌണ്ടായ 67036866211-ലേയ്ക്ക് 22.09.2021-ൽ online transfer(transaction No.CTP3374804) ചെയ്ത് നൽകിയിട്ടുണ്ടെന്ന് അരുവിക്കര അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ടെന്നുമാണ്.

5. മേൽ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2022 ഡിസംബർ 26-ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി